പതിമൂന്നാം കേരള നിയമസഭ
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 1634** **16.03.2015 ൽ മറുപടിയ്ക്ക്**

**ഗ്രാമപഞ്ചായത്തുകളിൽ ഇൻഫർമേഷൻ കിയോസ്കും**
**വൈഫൈ നെറ്റ് സൗകര്യവും**

**ചോദ്യം**

**ശ്രീ. സി. ദിവാകരൻ**

എ) എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഇൻഫർമേഷൻ കിയോസ്കും വൈഫൈ നെറ്റ് സൗകര്യവും ഒരുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; എന്നത്തേയ്ക്ക് ഇത് ആരംഭിക്കാൻ കഴിയും?

**ഉത്തരം**

**ഡോ. എം.കെ. മുനീർ**
**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)**

എ) എല്ലാ ഗ്രാമപഞ്ചായത്തുകളിലും വൈ-ഫൈ നെറ്റ് വർക്ക് സൗകര്യം ലഭ്യമാക്കുന്നത് സംബന്ധിച്ച് നിലവിൽ പദ്ധതികൾ ഒന്നും തന്നെ ഇല്ല. എന്നാൽ ഇൻഫർമേഷൻ കിയോസ്കുകൾ കെൽട്രോണിൽ നിന്നും വാങ്ങുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകുന്നതിന് കെൽട്രോൺ സമർപ്പിച്ച പ്രൊപ്പോസൽ പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും വിവര സാങ്കേതിക വിദ്യാ വകുപ്പിന്റെ അനുമതിയ്ക്കായി അയയ്ക്കുകയും ചെയ്തിരുന്നു. ടി വകുപ്പിന്റെ അഭിപ്രായത്തിന്റെയടിസ്ഥാനത്തിൽ ഇക്കാര്യം വിശദമായി പരിശോധിക്കുന്നതിനായി, ബൾക്ക് പർച്ചേസിലൂടെയാണോ ഇൻഫർമേഷൻ കിയോസ്കുകൾ വാങ്ങുന്നത് തുടങ്ങിയ വിവരങ്ങൾ വ്യക്തമാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്കേ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ